പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. T 1978

05-12-2018-ൽ മറുപടിക്ക്

**ബാങ്കുകൾ ഈടാക്കിയിട്ടുള്ള പിഴപ്പലിശ**

**ചോദ്യം**

**ശ്രീ. പി.കെ.ശശി**

**മറുപടി**

**ശ്രീ. പിണറായി വിജയൻ**
**(മുഖ്യ മന്ത്രി)**

| | | | |
|---|---|---|---|
| (എ) | പ്രകൃതിക്ഷോഭവും പ്രളയക്കെടുതിയും മൂലം സംസ്ഥാനത്തെ കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിലും പല ബാങ്കുകളും ഈ കാലയളവിലെ കുടിശ്ശികകൾക്ക് പിഴപ്പലിശ ഈടാക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | പ്രകൃതിക്ഷോഭവും പ്രളയക്കെടുതിയും മൂലം സംസ്ഥാനത്തെ കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ മൊറട്ടോറിയം കാലയളവിലെ കുടിശ്ശികകൾക്ക് സഹകരണ ബാങ്കുകൾ പിഴപ്പലിശ ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്ന് സഹകരണ സംഘം രജിസ്ട്രാറും, ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ അനധികൃതമായി പിഴപ്പലിശ ഈടാക്കുന്നതായി SLBC യുടെ ശ്രദ്ധയിൽ വന്നിട്ടില്ലെന്ന് എസ്.എൽ.ബി.സി കൺവീനറും അറിയിച്ചിട്ടുണ്ട്. |
| (ബി) | ഇപ്രകാരം കർഷകരിൽ നിന്ന് അനധികൃതമായി ബാങ്കുകൾ ഈടാക്കിയിട്ടുള്ള പിഴപ്പലിശ തുക കർഷകർക്ക് തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (ബി) | ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ അനധികൃതമായി പിഴപ്പലിശ ഈടാക്കിയി-ട്ടുണ്ടെങ്കിൽ അക്കാര്യം SLBC യുടെ ശ്രദ്ധയിൽ കൊണ്ടു വന്നാൽ ബന്ധപ്പെട്ട ബാങ്കുകൾക്ക് അവ തിരികെ കൊടുക്കുന്നതിനു നിർദ്ദേശം |

| | | | |
|---|---|---|---|
| | | | നൽകുന്നതാണെന്ന് എസ്.എൽ.ബി.സി കൺവീനർ അറിയിച്ചിട്ടുണ്ട്.<br>പഞ്ചായത്തിലെ കൃഷി ഓഫീസറോട് ഉടൻ തന്നെ ബാങ്കുകളുമായി ബന്ധപ്പെട്ട് ലേല നടപടികളിന്മേൽ ലഭ്യമായ പരാതി സംബന്ധിച്ച വിഷയം ചർച്ച ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതായും ബ്ലോക്ക് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി യോഗങ്ങളിൽ പ്രസ്തുത വിഷയം അടിയന്തിര പ്രാധാന്യം നൽകി ചർച്ച ചെയ്യണമെന്ന നിർദ്ദേശം നൽകിയതായും കൃഷി വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ